**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*347**
**16-12-2014 ലെ മറുപടിക്ക്**
**വാർഷിക പദ്ധതികളുടെ സമയബന്ധിതമായ അവലോകനം**

| ചോദ്യം. | | ഉത്തരം |
|---|---|---|
| ഡോ.കെ.ടി.ജലീൽ<br>ഡോ.ടി.എം. തോമസ് ഐസക്<br>ശ്രീ.കെ.വി. അബ്ദുൽ ഖാദർ<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. കെ.എം. മാണി, (ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി. |
| (എ) | വിവിധ വകുപ്പുകൾ നടപ്പാക്കേണ്ട വാർഷിക പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ഫലപ്രദമായി പണം ചെലവഴിക്കുന്നുണ്ടോയെന്ന് അവലോകനം നടത്താറുണ്ടോ ; | മുഖ്യമന്ത്രി തലത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ അവലോകന യോഗം നടത്താറുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകന യോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി വരുന്നു. വകുപ്പ് സെക്രട്ടറി തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അവലോകനവും നടത്തുന്നുണ്ട്. ഈ യോഗങ്ങളിൽ പദ്ധതികൾക്ക് ഭരണാനുമതി സമയബന്ധിതമായി നൽകപ്പെടുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം ഭരണാനുമതി നൽകേണ്ട പദ്ധതി കൾക്കെല്ലാം (ഏതാണ്ട് 10% ഒഴികെ) ഇതിനോടകം ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിവിധ പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതം വിനിയോഗിക്കുന്നത് സംബന്ധിച്ച് പ്ലാൻ സ്പേസ് വഴി എല്ലാ മാസവും അവലോകനം നടത്തുന്നുണ്ട്. 2014 ഒക്ടോബർ 31 വരെയുള്ള പദ്ധതി വിഹിതം വിനിയോഗം സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന | വകുപ്പുകൾക്ക് പദ്ധതി നടത്തിപ്പിനായി നൽകുന്ന തുകയുടെ സാമ്പത്തിക പുരോഗതി എല്ലാ മാസവും സെക്രട്ടറി |

| | | |
|---|---|---|
| | തുകകൾ ഏത് വിധത്തിൽ ചെലവഴിക്കുന്നുവെന്ന പരിശോധിക്കുന്നതിന് എന്തു സംവിധാനമാണ് നിലവിലുള്ളത് ; | തലത്തിൽ ചീഫ് സെക്രട്ടറി അവലോകനം നടത്താറുണ്ട്. കൂടാതെ, പദ്ധതി ചെലവ് സംസ്ഥാന ആസൂത്രണ ബോർഡ് ഓൺലൈൻ സംവിധാനം വഴി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട് |
| (സി) | പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുക ശരിയായ രീതിയിൽ യഥാസമയം വിനിയോഗിക്കാതെ ബാങ്കുകളിലും മറ്റും നിക്ഷേപിക്കുന്ന പ്രവണത തടയുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ ; | 02/06/2012 ലെ 31/2012/ധന സർക്കുലർ പ്രകാരം വർഷാവസാനം പദ്ധതി തുക TSB/ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നത് പൂർണ്ണമായും ഒഴിവാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 19/09/2014 ലെ ജി.ഒ.(പി) നം. 400/2014/ധന സർക്കാർ ഉത്തരവ് പ്രകാരം നടപ്പ സാമ്പത്തിക വർഷത്തെ അവസാന രണ്ട് മാസങ്ങളിൽ (ഫെബ്രുവരി, മാർച്ച്) ഏതൊരു ശീർഷകത്തിലേയും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക TSB/ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാൻ അനുവദിക്കുന്നതല്ലെന്ന് കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം എന്ത് തുകയാണ് ബാങ്കുകളിലും മറ്റും കെട്ടിക്കിടക്കുന്നതെന്ന പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | പരിശോധിച്ചിട്ടുണ്ട്. 27/03/2014 ലെ 31/2014/ധന സർക്കുലർ പ്രകാരം സർക്കാർ വകുപ്പുകളുടെ കൈവശം ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകളും കൊമേഴ്സ്യൽ ബാങ്കുകളിൽ സൂക്ഷിച്ചിരിക്കുന്ന സർക്കാർ തുകകളും ഉടൻ തന്നെ ഗവൺമെന്റ് അക്കൗണ്ടിലേക്ക് തിരിച്ചടക്കണമെന്ന് കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം- I

## 2014-15 വാർഷിക പദ്ധതി
## 31-10-2014 വരെയുള്ള നിർവ്വഹണ പുരോഗതി - വകുപ്പ് തിരിച്ച്

(രൂപ കോടിയിൽ)

| ക്രമ നമ്പർ | വകുപ്പ് | ആകെ വിഹിതം | ആകെ ചെലവ് | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| 1 | കൃഷി | 1051.91 | 237.11 | 23 |
| 2 | മൃഗസംരക്ഷണം | 365.16 | 76.19 | 21 |
| 3 | സഹകരണം | 83.89 | 9.54 | 11 |
| 4 | സാംസ്കാരികം | 72.00 | 11.39 | 16 |
| 5 | പരിസ്ഥിതി | 27.00 | 2.89 | 11 |
| 6 | ധനകാര്യം | 153.80 | 40.39 | 26 |
| 7 | മത്സ്യ ബന്ധനം | 264.67 | 55.32 | 21 |
| 8 | ഭക്ഷ്യവും പൊതുവിതരണവും | 39.16 | 3.02 | 8 |
| 9 | വനവും വന്യ ജീവിയും | 150.00 | 37.60 | 25 |
| 10 | പൊതുഭരണം | 87.63 | 3.58 | 4 |
| 11 | പൊതുവിദ്യാഭ്യാസം | 368.66 | 90.16 | 24 |
| 12 | ആരോഗ്യവും കുടുംബക്ഷേമവും | 665.12 | 283.03 | 43 |
| 13 | ഉന്നത വിദ്യാഭ്യാസം | 528.16 | 55.57 | 11 |
| 14 | ആഭ്യന്തരവും വിജിലൻസും | 131.98 | 29.35 | 22 |
| 15 | ഭവന നിർമ്മാണം | 49.32 | 0.25 | 1 |
| 16 | വിവര പൊതുജന സമ്പർക്കം | 30.00 | 1.45 | 5 |
| 17 | വ്യവസായവും വാണിജ്യവും | 639.15 | 64.19 | 10 |
| 18 | വിവര സാങ്കേതിക വിദ്യ | 313.33 | 104.4 | 33 |
| 19 | തൊഴിലും നൈപുണ്യവും | 430.56 | 172.23 | 40 |
| 20 | നിയമം | 0.70 | 0.00 | 0 |
| 21 | നിയമകാര്യം | 1.21 | 0.23 | 19 |
| 22 | തദ്ദേശസ്വയം ഭരണം | 1778.4 | 169.75 | 10 |
| 23 | പ്രവാസികാര്യം | 19.84 | 1.24 | 6 |
| 24 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം | 13.85 | 1.51 | 11 |
| 25 | ആസൂത്രണവും സാമ്പത്തിക കാര്യവും | 263.69 | 8.21 | 3 |
| 26 | തുറമുഖം | 98.69 | 17.35 | 18 |
| 27 | ഊർജ്ജം | 1370.04 | 396.57 | 29 |
| 28 | പൊതുമരാമത്ത് | 889.36 | 813.57 | 91 |
| 29 | റവന്യൂ | 69.85 | 3.90 | 6 |
| 30 | പട്ടികജാതി | 1060.65 | 228.37 | 22 |
| 31 | പട്ടിക വർഗ്ഗം | 451.78 | 72.61 | 16 |
| 32 | ശാസ്ത്ര സാങ്കേതികം | 90.97 | 17.52 | 19 |
| 33 | സാമൂഹ്യ നീതി | 458.37 | 552.2 | 120 |

| ക്രമ നമ്പർ | വകുപ്പ് | ആകെ വിഹിതം | ആകെ ചെലവ് | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| 34 | സ്പോർട്സും യുവജനകാര്യവും | 67.15 | 12.64 | 19 |
| 35 | നികുതി | 13.15 | 2.11 | 16 |
| 36 | വിനോദ സഞ്ചാരം | 206.65 | 92.40 | 45 |
| 37 | ഗതാഗതം | 209.92 | 135.22 | 64 |
| 38 | ജലവിഭവം | 1659.23 | 336.80 | 20 |
| 39 | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ | 4700.00 | 883.76 | 19 |
| 40 | മുഖ്യ അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ* | 1125.00 | 0.00 | 0 |
| | **ആകെ** | **20000** | **5024** | **25** |

* *മുഖ്യ അടിസ്ഥാന സൌകര്യ വികസന പദ്ധതികൾക്ക് ആദ്യം വകയിരുത്തിയ 1225 കോടിയിൽ നിന്നും 100 കോടി രൂപ കൊച്ചി മെട്രോ റെയിൽ പദ്ധതിക്കായി നൽകി. ടി തുക ഗതാഗത വകുപ്പിന്റെ വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*